(ഡി) ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പ്രദേശത്ത് കരിമണൽ ഖനനം നടത്തണം. ഇപ്രകാരം ഖനനം നടത്തുമ്പോൾ ടി സ്ഥലത്ത് പാരിസ്ഥിതിക പ്രശ്നങ്ങൾ ഒന്നും ഉണ്ടാകരുത്. ഖനനം നടത്തുന്ന സ്ഥലത്ത് ഉള്ള നിവാസികളുടെ പുനരധിവാസം നടത്തണം. എന്നിങ്ങനെയുള്ള മൂന്നു കാര്യങ്ങളാണ് ചർച്ചയിൽ പൊതുവായി ഉയർന്നത്.

(ഇ) കൊല്ലം ജില്ലയിൽ ഇപ്പോൾതന്നെ കരിമണൽ ഖനനം നടക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ കരിമണൽ ഖനനം നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാമോ എന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

ജിം വഴിയുള്ള വ്യവസായ നിക്ഷേപങ്ങൾ

128 [489] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *പി. എസ്. സുപാൽ:*
,, *എം. കുമാരൻ:*
,, *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിമ്മിൽ ഒപ്പുവച്ച ധാരണാപത്രങ്ങളിൽ ഉൾപ്പെടുന്ന എത്ര വ്യവസായങ്ങൾ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ കേന്ദ്ര സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ നിക്ഷേപം എത്രയുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജിമ്മിൽ ധാരണാപത്രം ഒപ്പുവച്ചതിൽ 246.95 കോടി മുതൽമുടക്ക് വരുന്ന 18 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചു.

(ബി) കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേനയുള്ള നിക്ഷേപങ്ങൾ ഇനി പറയുന്നു.

1. എൻ. റ്റി. പി. സി. യുടെ കായംകുളം തെർമ്മൽ പ്ലാന്റിന്റെ ഉൽപ്പാദനശേഷി വികസനം—7600 കോടി രൂപ

2. കൊച്ചി റിഫൈനറിയുടെ വികസനം—2600 കോടി രൂപ

3. വല്ലാർപാടത്ത് അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ—2000 കോടി രൂപ.

ഈ പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly